LIBRARY ARCHIVES Kerala Legislative Assembly

പി.എം.ജി.എസ്.വൈ. പദ്ധതി

6 (3208) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ ഘട്ടം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കരാറുകാർ ഏറ്റെടുക്കാത്ത നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) കരാറുകാർ ഏറ്റെടുക്കാത്ത നിർമ്മാണ പ്രവൃത്തികൾ റീടെൻഡർ ചെയ്യുന്നതിനും അധികരിച്ച നിരക്ക് അനുവദിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു*

(ബി) വെളിയനാട് എൽ.പി.എസ്.കപ്പോള, കുന്നംകരി-കുമരംകരി, പയറ്റുപ്പാക്ക-ശ്മശാനം എന്നീ പ്രവൃത്തികൾക്കുള്ള കരാർ ആരും തന്നെ ഏറ്റെടുത്തിട്ടില്ല.

(സി) റീ-ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

പി.എം.ജി.എസ്.വൈ. രണ്ടാം ഘട്ടം

7 (3209) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. രണ്ടാം ഘട്ടത്തിൽ എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളത്;

(ബി) ആയത് അനുവദിച്ചത് എന്നാണെന്നും ഇതുവരെ എത്ര കിലോമീറ്റർ റോഡ് പൂർത്തിയായിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഈ വർഷം ആദ്യം എത്ര രൂപയാണ് കേന്ദ്രസർക്കാർ തന്നിട്ടുള്ളത്; ഈ തുക പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് പര്യാപ്തമാണോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തുക വർദ്ധിപ്പിച്ചു തരുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.